DESPATCHED
On.30/12/21..

13/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1878(6)/2013/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.12436/എസ്.ഐ.സി-ജി 5/2013)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 13.12.2021

ശ്രീ. ജാഫർഖാൻ അമ്പലപറമ്പിൽ,
ചൂലാംവയൽ, കുന്ദമംഗലം,
കോഴിക്കോട്- 673 571.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ.

2. അപ്പീൽ അധികാരി &
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
നോർത്തേൺ സർക്കിൾ,
കണ്ണൂർ.

എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക നൽകിയ വിവരാവകാശ അപേക്ഷയിൽ വൈത്തിരി താലൂക്ക് വെള്ളരിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 32 ൽ സർവ്വെ നമ്പർ 1200,1171 ൽ റീ സർവ്വെ നമ്പർ 126/1,2,3,4,5,6,7,8 എന്നീ സ്ഥലങ്ങൾ

നിക്ഷിപ്ത വനഭൂമിയായി പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട നാലിനം വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 10.10.2013 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"പരാതിക്കാരൻ പ്രതിപാദിച്ച വെള്ളരിമല വില്ലേജിലെ ബ്ലോക്ക് നമ്പർ 32 ൽ പഴയ സർവ്വെ നമ്പർ 1200,1171 ൽ റീ സർവ്വെ നമ്പർ 126/1,2,3,4,5,6,7,8 ൽ പ്പെട്ട 39.30 ഹെക്ടർ ഭൂമി കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട്, 1971 പ്രകാരം സർക്കാരിൽ 10.05.1971 മുതൽ നിക്ഷിപ്തമാണ്. ഈ നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട എല്ലാ ഭൂമികളും സർക്കാരിൽ 10.05.71 ൽ നിക്ഷിപ്തവും, വനംവകുപ്പിന്റെ അധീനതയിലും, നിയന്ത്രണത്തിലുമാണ്. സർക്കാരിൽ നിക്ഷിപ്തമായ വനഭൂമിക്ക് അവകാശവാദം ഉന്നയിച്ച് ടിയാൻ മുൻകൈയെടുത്ത് നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ നൽകിയിട്ടുണ്ട്. ഈ കേസുകളിലെല്ലാം തന്നെ ടിയാൻ മേൽപറഞ്ഞ ആരോപണങ്ങൾ തന്നെയാണ് വനംവകുപ്പിനെതിരെ നൽകിയിട്ടുള്ളത്. മേൽപറഞ്ഞ നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട റീസർവ്വെ നമ്പർ 124/19 ലെ 10 ഏക്കർ ഭൂമി നിക്ഷിപ്തമാക്കിയതിനെതിരെ അപേക്ഷകന്റെ പിതാവ് ബഹു.ഫോറസ്റ്റ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 41/2010 കേസ്, ബഹു. ഫോറസ്റ്റ് ട്രിബ്യൂണൽ 04.08.2012 ൽ ഡിസ്മിസ് ചെയ്യുകയുണ്ടായി. ആയതുകൊണ്ട് ടി ഭൂമി സർക്കാരിൽ നിക്ഷിപ്തമായി എന്ന തെറ്റായ വിവരം ടിയാനെ അറിയിച്ചു എന്നു പറയുന്നത് വസ്തുതകൾക്ക് നിരക്കാത്തതാണ്.

ടിയാൻ ഈ വർഷം തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് 18.03.2013, 22.03.2013, 25.03.2013, 01.04.2013, 12.05.2013 എന്നീ തീയതികളിൽ വനംവകുപ്പിലെ വിവിധ ഓഫീസുകളിൽ ടി വിഷയം സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം അപേക്ഷയും, അപ്പീൽ അപേക്ഷയും നൽകുകയും, അപേക്ഷകൾക്കെല്ലാം തന്നെ വിശദമായ മറുപടി ടിയാന് നൽകിയിട്ടുമുണ്ട്. കൂടാതെ ലഭ്യമായ വിവരങ്ങളും അപേക്ഷകന് നൽകിയിട്ടുമുണ്ട്.

വയനാട് ജില്ലയിൽ സർവ്വേ വകുപ്പ് റീസർവ്വേ നടപടികൾ നടത്തുകയും 1995 കാലഘട്ടത്തിൽ ഇവ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്യുകയുണ്ടായി. ടി റീസർവ്വെ റെക്കോർഡുകൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതിനാൽ ഈ ഓഫീസിൽ ലഭ്യമല്ല. 04.05.2001 ൽ വനം വകുപ്പ് വനഭൂമി നോട്ടിഫൈ ചെയ്യുമ്പോൾ റീസർവ്വെ നമ്പറുകളുടെ അടിസ്ഥാനത്തിലാണ് നോട്ടിഫൈ ചെയ്തിട്ടുള്ളത്. ആയത് നോട്ടിഫിക്കേഷനിൽ കാണിച്ചിട്ടുള്ള സർവ്വെ നമ്പരിൽ നിന്നുതന്നെ വ്യക്തമാണ്. ടിയാന്റെ ചോദ്യത്തിന്, 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട്, സെക്ഷൻ 3(1) പ്രകാരം 10.05.1971 ൽ സർക്കാരിൽ നിക്ഷിപ്തമായ ഭൂമികളാണ്. 1955 ലെ റീസർവ്വെ സ്കെച്ചു പ്രകാരം പരിശോധിച്ച് 04.05.2001 ൽ നോട്ടിഫൈ ചെയ്തിട്ടുള്ളത് എന്നാണ് ഈ ഓഫീസിൽ നിന്ന് മറുപടി കൊടുത്തിട്ടുള്ളത്. റീസർവ്വെ സ്കെച്ച് ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ റീസർവ്വെ സ്കെച്ച്

ലഭ്യമാക്കാൻ വെള്ളരിമല വില്ലേജ് ഓഫീസർക്ക് അപേക്ഷയുടെ പകർപ്പ് അയച്ചുകൊടുത്തിട്ടുണ്ട്.

വയനാട് ജില്ലയിൽ, റീസർവ്വെ ജോലികൾ സർവ്വെ വകുപ്പ് നടത്തി 1995 ൽ അത് റവന്യൂ ഭരണത്തിന് കൈമാറുകയാണുണ്ടായത്. റീസർവ്വെ നടത്തിയപ്പോൾ വെസ്റ്റഡ് ഫോറസ്റ്റായി രേഖപ്പെടുത്തിയ റവന്യൂ റിക്കാർഡുകളെ കുറിച്ചുള്ള വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് അപേക്ഷകന് വിവരങ്ങൾ നൽകാതിരുന്നത്. 10.05.1971 ൽ നിയമപരമായി സർക്കാരിൽ നിക്ഷിപ്തമാകേണ്ട ഭൂമി, പിന്നീട് നോട്ടിഫൈ ചെയ്യുന്നതിനായി വനംവകുപ്പ് അതിർത്തി നിർണ്ണയം നടത്തുന്നതിനുവേണ്ടി മാത്രമേ റവന്യൂ വകുപ്പിന്റെ കൈവശമുള്ള റീസർവ്വെ റിക്കാർഡുകൾ പരിശോധിക്കുകയുണ്ടായിട്ടുള്ളൂ എന്ന വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

വൈത്തിരി താലൂക്കിൽ വെള്ളരിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 32 ൽ സർവ്വേ നമ്പർ 1200, 1171 ൽ റീസർവ്വെ നമ്പർ 126/1,2,3,4,5,6,7,8 എന്നീ സ്ഥലങ്ങളുടെ ഡീമാർക്കേഷൻ, ഫോറസ്റ്റ് സർവ്വെ ഏതുവർഷത്തിലാണ് നടത്തിയത്, നടത്തിയിട്ടുണ്ടെങ്കിൽ ഇവയുടെ പകർപ്പ് എന്നിവയും അപേക്ഷകൻ ആവശ്യപ്പെട്ടിരുന്നു. ഈ ഓഫീസിൽ നിന്ന് നൽകിയ മറുപടിയിൽ ടി ഭൂമികൾ എല്ലാം തന്നെ 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് പ്രകാരം 10.05.1971 ൽ തന്നെ സർക്കാരിൽ നിക്ഷിപ്തമാണെന്നും, ടി

ഭൂമികൾ സർവ്വെ വകുപ്പ് 1995 ൽ റീസർവ്വെ ചെയ്ത് ബ്ലോക്ക് നമ്പർ 32, റീസർവ്വെ നമ്പർ 126/1,2,3,4,5,6,7,8 എന്നിങ്ങനെ അഞ്ചു ഡിവിഷനുകളാക്കി തിരിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി സ്കെച്ചിന്റെ അടിസ്ഥാനത്തിലാണ് വനംവകുപ്പ് പരിശോധന നടത്തി നോട്ടിഫിക്കേഷൻ നടത്തിയിട്ടുള്ളത്. സർവ്വെ വകുപ്പ് റീസർവ്വെ നടത്തിയതിനാൽ വനംവകുപ്പ് പ്രത്യേക സർവ്വെ, ഡീമാർക്കേഷൻ നടത്തിയിട്ടില്ല. ആയതിനാൽ വനംവകുപ്പ് തയ്യാറാക്കിയ ഫോറസ്റ്റ് സർവ്വെ, ഡീമാർക്കേഷൻ സ്കെച്ച് ഈ ഓഫീസിൽ ലഭ്യമല്ല. റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് സർവ്വെ വകുപ്പ് കൈമാറിയതിനാൽ ആയതിന്റെ പകർപ്പും ഈ ഓഫീസിൽ ലഭ്യമല്ല. ആയതിനാലാണ് ടി സ്കെച്ച് നൽകുവാൻ സാധിക്കാതിരുന്നത്. ടിയാൻ ചോദിച്ച വിവരങ്ങൾ എല്ലാം തന്നെ യഥാസമയം വിശദമായി നൽകിയിട്ടുണ്ട്. ടിയാൻ പ്രതിപാദിക്കുന്ന ഭൂമികൾ സർക്കാർ ഭൂമിയാണ്. ടി ഭൂമിയിൽ അവകാശവാദം ഉന്നയിച്ച് ടിയാന്റെ മേൽനോട്ടത്തിൽ WP(C) 23725/12,16260/12 എന്നിങ്ങനെ കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. ഇതിൽ WP(C) 23725/12 ബഹു.ഹൈക്കോടതി ഡിസ്പോസ് ചെയ്ത് അപേക്ഷകന് ഫോറസ്റ്റ് ട്രിബ്യൂണലിനെ സമീപിക്കാമെന്നാണ് നിർദ്ദേശം ഉണ്ടായിട്ടുള്ളത്. WP(C) 16260/12 ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി ഭൂമിയിൽ വനംവകുപ്പ് 2006-2007 വർഷത്തിൽ മരങ്ങൾ വച്ചു പിടിപ്പിച്ചിരുന്നു. ആയതിന്റെ പ്ലാന്റേഷൻ ജേണൽ ഡിവിഷൻ ഓഫീസിലോ, മേപ്പാടി റെയ്ഞ്ച്

ഓഫീസിലോ ലഭ്യമല്ല. ആയതിനാലാണ് ടി ജേണൽ അപേക്ഷകന് ലഭ്യമാക്കാൻ സാധിക്കാതിരുന്നത്.

പരാതിക്കാരൻ പ്രതിപാദിച്ച ഭൂമികൾ എല്ലാംതന്നെ 10.05.1971 ൽ നിയമപരമായി സർക്കാരിൽ നിക്ഷിപ്തമാണ്. ഡീമാർക്കേഷനും, സർവ്വെയും, നോട്ടിഫിക്കേഷനും പിന്നിട്ടുള്ള പ്രവൃത്തികളാണ്. ഇക്കാര്യം ബഹു. കേരള ഹൈക്കോടതി ഉത്തരവുകളിൽ വ്യക്തമാണ്. (2005 KHC 174:2005 (1) KLT SN 3:24(12) SCC 434). ടി ഭൂമികളെല്ലാം തന്നെ സർവ്വെ വകുപ്പ് നടത്തിയ റീസർവ്വെ സ്കെച്ച് പരിശോധിച്ച് ബോധ്യപ്പെട്ടതിനാലാണ് വനംവകുപ്പ് 04.05.2001 ൽ നോട്ടിഫൈ ചെയ്തിട്ടുള്ളത്. റീസർവ്വെ റിക്കാർഡുകൾ വനംവകുപ്പ് സൂക്ഷിക്കാറില്ല. ആയതിനാലാണ് പരാതിക്കാരന് ഇവ ലഭ്യമാക്കാൻ സാധിക്കാതിരുന്നത് എന്ന് സവിനയം ബോധിപ്പിച്ച് കൊള്ളുന്നു.

അപേക്ഷകൻ പ്രതിപാദിക്കുന്നതുപോലെ തെറ്റായ മറുപടികൾ ഈ ഓഫീസിൽ നിന്നോ, റെയ്ഞ്ച് ഓഫീസിൽ നിന്നോ ഇതുവരെ അപേക്ഷകന് നൽകിയിട്ടില്ല. ചോദ്യരൂപത്തിൽ വസ്തുതകൾ വളച്ചൊടിച്ച്, ഉത്തരം നൽകുവാൻ പ്രയാസമുള്ള വിധത്തിലാണ് അപേക്ഷകൻ എല്ലാ അപേക്ഷകളിലും വിവരം ചോദിച്ചിട്ടുള്ളത്. അപേക്ഷകൻ ചോദിച്ചിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും ഈ ഓഫീസിൽ നിന്ന് നിലവിലുള്ള നിയമങ്ങളും നടപടിക്രമങ്ങളും അടിസ്ഥാനമാക്കിയാണ് മറുപടികൾ നൽകിയിട്ടുള്ളത്. ടിയാന്റെ പിതാവ് ബഹു. ഫോറസ്റ്റ് ട്രിബ്യൂണൽ മുമ്പാകെ OA 41/2010 എന്ന

കേസിൽ ബഹു.കോടതി മുമ്പാകെ സമർപ്പിച്ച്, വാദിച്ചെങ്കിലും ടിയാന്റെ പിതാവിന്റെ വാദം ബഹു. കോടതി തള്ളുകയാണുണ്ടായത്. ടിയാന് ഒരു അവകാശം ഇല്ലാത്തതും, സർക്കാരിൽ നിക്ഷിപ്തവുമായ വനഭൂമി സംരക്ഷിക്കുന്ന പ്രവർത്തനം മാത്രമേ വനംവകുപ്പ് നടത്തിയിട്ടുള്ളൂ. വാദം ഉന്നയിക്കുന്ന പരാതിക്കാരന് അനുകൂലമായ മറുപടികൾ വനംവകുപ്പിൽ നിന്ന് ലഭിക്കാതിരുന്നതിലുള്ള വിദ്വേഷമാണ് ടിയാൻ ഒരേ കാര്യങ്ങൾക്കായി നിരവധി തവണ അപേക്ഷകൾ സമർപ്പിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബുദ്ധിമുട്ടിക്കുന്ന രീതിയിൽ വിവരങ്ങൾ ആവശ്യപ്പെടുന്നത്."

3. ഇതിനുശേഷം കമ്മീഷൻ 08.03.2019 ൽ വയനാട് കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

4. അപ്പീൽ ഹർജിക്കാരന് തന്റെ കൈവശമുള്ള ഭൂമി നിക്ഷിപ്ത വനഭൂമി ആണോ അല്ലയോ എന്നത് തീരുമാനിക്കുന്നതിനുവേണ്ടിയാണ് ടിയാൻ വിവരാവകാശ അപേക്ഷ നൽകിയത്. വൈത്തിരി താലൂക്ക് വെള്ളരിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 32 ൽ പഴയ സർവ്വെ നമ്പർ 1200, 1171 ൽ റീസർവ്വെ നമ്പർ 126/1,2,3,4,5,6,7,8 എന്നിവ 10.05.71 മുതൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട്, 1971 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയാണ് എന്ന തെറ്റായ വിവരമാണ് നല്കിയതെന്നും, 1995 ലെ റീസർവ്വെയിൽ വെസ്റ്റഡ് ഫോറസ്റ്റ് ആയി രേഖപ്പെടുത്തിയ ഭൂമിയുടെ വിവരങ്ങൾ അടങ്ങുന്ന രേഖകൾ ഇല്ല എന്ന തെറ്റായ മറുപടി നൽകിയെന്നും, അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു. തന്റെ കൈവശമുള്ള ഭൂമി നിക്ഷിപ്ത ഭൂമിയാണോ എന്നത് വ്യക്തമായി പറയണമെന്ന്

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടു. വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ 22-ാം ഇനത്തിൽ തന്റെ ഭൂമി ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഫോറസ്റ്റ് അധികൃതർ കോടതിയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ഇത് വെസ്റ്റഡ് ഫോറസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതല്ലെന്നും, ഫോറസ്റ്റ് അധികൃതരുടെ ഈ നടപടിമൂലം തനിക്ക് വലിയ നഷ്ടം ഉണ്ടായിയെന്നും അപ്പീൽ ഹർജിക്കാരൻ വാദിച്ചു. ഫോറസ്റ്റ് അധികൃതരുടെ തെറ്റായ നടപടിമൂലം തനിക്ക് 10 ഏക്കർ ഭൂമി നഷ്ടപ്പെട്ടു. ഇത് സംബന്ധിച്ച് സത്യസന്ധമായ റിപ്പോർട്ട് ലഭിച്ചാൽ തനിക്ക് ബഹു.ഹൈക്കോടതിയിൽ റിവ്യൂ പെറ്റിഷൻ നൽകാൻ കഴിയുമെന്നും, ചിലപ്പോൾ അനുകൂലമായ തീരുമാനമുണ്ടാകുമെന്നും ടിയാൻ പറഞ്ഞു. 10.05. 1971 ന് മുമ്പ് ടി ഭൂമി കൃഷിയില്ലാത്ത ഭൂമിയാണെന്ന് ഫോറസ്റ്റ് അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ഈ തീയതിക്ക് മുമ്പ് തന്നെ താൻ കൃഷി ചെയ്തിരുന്നു എന്ന കാര്യം തെളിയിക്കാൻ കഴിയുന്നതാണെന്നും അപ്പീൽ ഹർജിക്കാരൻ വാദിച്ചു.

5. ഇതെല്ലാം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് ഇതിൽ de നോട്ടിഫിക്കേഷൻ നടത്താൻ തങ്ങൾക്ക് കഴിയില്ല എന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

6. ഇരുകക്ഷികളുടെയും വാദമുഖങ്ങളും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ നിർദിഷ്ട ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് 22 ൽ പ്പെട്ടതാണോ എന്ന് കൃത്യമായി അറിയുകയാണ് തന്റെ ആവശ്യമെന്നും, അത് മനസിലാക്കിക്കഴിഞ്ഞാൽ തന്റെ കേസിന് സഹായകരമാകുകയും ചെയ്യും എന്നുള്ള അപ്പീൽ ഹർജിക്കാരന്റെ ആവശ്യം ന്യായമാണെന്ന് കമ്മീഷൻ കരുതുന്നു. ഈ ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് 22 ൽ പ്പെട്ടിട്ടില്ല എന്നു തന്നെയാണ് അപ്പീൽ ഹർജിക്കാരൻ വാദിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്തിയുള്ള

മറുപടി നൽകാൻ എതിർകക്ഷിക്ക് ബാധ്യതയുണ്ട്. അതുകൊണ്ട് അപ്പീൽ ഹർജിക്കാരൻ പറയുന്ന നിർദിഷ്ട ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് 22 ൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം ടിയാനെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ഒന്നാം എതിർകക്ഷി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ടിയാന് നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം 13.12.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re